**ഇതി നന്ദാദയോ ഗോപാ: കൃഷ്ണരാമകഥാം മുദാ**
**കുർവ്വന്തോ രമമാണാശ്ച നാവിന്ദൻ ഭവവേദനാം (10-11-58)**

*ശുകമുനി തുടർന്നു:*
മരങ്ങൾ കടപുഴകിവീണ ശബ്ദം കേട്ട് ഗ്രാമവാസികൾ ഓടിക്കൂടി. കൃഷ്ണൻെറ കൊച്ചു കൂട്ടുകാർ എന്താണുണ്ടായതെന്ന് പറഞ്ഞു. ചിലർ വിശ്വസിച്ചു. ചിലർക്ക് അത്ര വിശ്വാസ്യമായിരുന്നില്ല. എന്നാൽ എല്ലാവരും തന്നെ തുടർച്ചയായുണ്ടായ ദു:സംഭവങ്ങളിൽ ആശങ്കാകുലരായിരുന്നു. എന്നാൽ കൃഷ്ണൻ മനുഷ്യശിശുവിൻെറ എല്ലാ ചപലതകളും കാട്ടി വളർന്നു. കൂട്ടരുമൊത്തു കളിച്ചും വീട്ടിൽ ചിലതെല്ലാം ചെയ്തു അവൻ നടന്നു. നന്ദൻ വ്യാകുലനായിരുന്നു. പ്രേതബാധയുള്ളതെന്ന് തോന്നിയ ഗോകുലം വിട്ടുപോവാൻ അദ്ദേഹം തീർച്ചയാക്കി. പൂതനയിൽ നിന്നും തൃണാവർത്തനിൽ നിന്നും മറിഞ്ഞു വീണ കാളവണ്ടിയിൽ നിന്നും കടപുഴകിയ മരങ്ങളിൽ നിന്നും കൃഷ്ണൻ അത്ഭുതകരമായി രക്ഷപ്പെട്ടിരിക്കുന്നു. എന്നാൽ ഇനിയും ആപത്തുകൾക്കവസരം കൊടുക്കാനവർ തയ്യാറായില്ല. എല്ലാ ഗ്രാമവാസികളും നന്ദൻെറ തീരുമാനത്തെ അംഗീകരിച്ചു. അവർ വൃന്ദാവനമെന്നറിയപ്പെടുന്ന ഒരു ചെറിയ വനപ്രദേശത്തേക്ക് താമസം മാറ്റി. വൃന്ദാവനവും ഗോവർദ്ധനപർവ്വതവും പഞ്ചാരമണൽതിട്ടയുള്ള യമുനാ നദിയും കൃഷ്ണന് പ്രിയങ്കരങ്ങളായി.

കൃഷ്ണനും ജ്യേഷ്ഠൻ ബലരാമനും ബാലൻമാരായി വളർന്നു. അവർക്ക് പശുക്കളെ മേക്കാൻ ഇഷ്ടമായിരുന്നു. അവർ പശുക്കളെ പുൽത്തകിടികളിലേക്ക് നയിച്ച് ദിവസം മുഴുവനും അവരെ മേയാൻ വിട്ട് വൈകുന്നേരം ഗ്രാമത്തിലേക്ക് തിരിച്ചു വന്നു. ഒരു ദിവസം പശുക്കൾ പുല്ലുതിന്നുമ്പോൾ കൂട്ടത്തിൽ ഒരു വിചിത്രനായ പശുക്കുട്ടിയെ കൃഷ്ണൻ കണ്ടു. വൽസാസുരൻ എന്ന രാക്ഷസനായിരുന്നു അത്. ശാന്തനായി അവൻെറ പിറകിൽചെന്ന് പിൻകാലുകൾ തൂക്കിയെടുത്ത് അടുത്തുള്ള മരത്തിലേക്ക് കൃഷ്ണൻ ആഞ്ഞടിച്ചു. രക്ഷസൻെറ ജീവൻ പോയതോടെ അവൻെറ പശുവേഷവും പോയി. ഭീകരനായ രാക്ഷസരൂപത്തിൽ അവൻ ചത്തു മലച്ചു വീണു. മറ്റു ഗോപാലൻമാർ കൃഷ്ണൻെറ മിടുക്കിനെ കൈകൊട്ടി അഭിനന്ദിച്ചു.

മറ്റൊരവസരത്തിൽ ഈ വിശ്വരക്ഷകർ ബലരാമനും കൃഷ്ണനും അവരുടെ ഗോപാലധർമ്മത്തിൽ മുഴുകിയിരുന്നു. പശുക്കളുടെ ദാഹം തീർക്കാൻ അവരെ നദീ തീരത്തു കൊണ്ടുപോയി. അപ്പോൾ അവിടെ കൃഷ്ണൻ സംശയാസ്പദമായ രൂപത്തിൽ ഒരു കൊക്കിനെ കണ്ടു. അത് രാക്ഷസനായ ബകാസുരനാണെന്ന് കൃഷ്ണന് മനസ്സിലായി. കംസൻെറ നിർദ്ദേശപ്രകാരം കൃഷ്ണനെ നിഗ്രഹിക്കാൻ അവനവിടെ എത്തിയതായിരുന്നു.. ബകാസുരൻ കുട്ടികളുടെ അടുത്തേക്ക് ചാടിവീണ് കൃഷ്ണനെ അപ്പാടെ വിഴുങ്ങിക്കളഞ്ഞു. ഗോപാലൻമാർ നിശ്ശബ്ദരായി വിറച്ചു നിന്നു. അൽപ്പനിമിഷത്തിനുള്ളിൽ കൃഷ്ണൻ അസുരൻെറ വായിൽ നിന്ന് പുറത്ത് വന്നു. കൊക്കിൻെറ കണ്ഠം കൃഷ്ണൻ എരിച്ചു കളഞ്ഞിരുന്നു. പിന്നീട് തൻെറ കൊക്കുകൾ കൊണ്ട് കൃഷ്ണനെ ആക്രമിക്കാനായി അസുരൻെറ ശ്രമം. കൃഷ്ണൻ അവൻെറ കൊക്ക് പിടിച്ച് രണ്ടായി പിളർന്ന് അവൻെറ കഴുത്തുവരെയെത്തിയപ്പോഴേക്കും അസുരൻ വേഷം മതിയാക്കി സ്വരൂപത്തിലായി. ബാലൻമാർക്ക് നല്ലൊരു വിനോദം കണ്ടതുപോലെയായി. ഗ്രാമത്തിലേക്ക് മടങ്ങി അവർകാട്ടിലെ രസകരമായ സംഭവങ്ങൾ പറയാൻ തുടങ്ങി. കൃഷ്ണൻ എങ്ങിനെ വിജയിച്ചു എന്നെല്ലാം അവർ പറഞ്ഞു പരത്തി. എത്ര തവണ ഈ ദിവ്യശിശു ആക്രമിക്കപ്പെട്ടുവെന്നും എല്ലാ തവണയും എങ്ങിനെയവൻ രക്ഷപ്പെട്ടതെന്നും ശത്രുവിനെ ജയിച്ചതെന്നും ഗ്രാമീണർ അത്ഭുതം കൂറി.

ഇങ്ങിനെ കൃഷ്ണൻേറയും ബലരാമൻേറയും അതി ഭൗതീക ചെയ്തികൾ ഓർത്തും പറഞ്ഞും നന്ദനും മറ്റുഗ്രാമീണരും സംസാരജീവിതത്തിൻെറ എല്ലാ ദു:ഖങ്ങളും അവരെ ബാധിക്കാതെ കഴിഞ്ഞു പോന്നു.